നിർമ്മാണ പ്രവൃത്തികൾ എന്നിവ നടന്നുവരുന്നു. ഈ പ്രവൃത്തികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിന്റെ 1, 3 നിലകളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം മുഖാന്തരം നടന്നുവരുന്നു. ഈ പ്രവൃത്തികൾ ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിൽ റാമ്പ് നിർമ്മാണം, മുറ്റം ഇന്റർ ലോക്കിംഗ് ചെയ്യുന്ന പ്രവൃത്തി എന്നിവയ്ക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഉത്തരവ് ബന്ധപ്പെട്ട കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

2) <u>ലേഡീസ് ഹോസ്റ്റൽ</u>

കണ്ണൂർ സർക്കാർ ആയുർവ്വേദ കോളേജിനുവേണ്ടി പെൺകുട്ടികളുടെ പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തി 7 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കണ്ണൂർ സർക്കാർ ആയുർവ്വേദ കോളേജിനുവേണ്ടി മൂലധന ശീർഷകമായ 4210-03-101-93 എന്ന ശീർഷകത്തിൽ കെട്ടിട നിർമ്മാണത്തിന് വേണ്ടി രണ്ട് കോടിരൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ തുടർ നിർമ്മാണ പ്രവൃത്തികൾ എന്നിവയ്ക്കുവേണ്ടി 25 കോടിരൂപകൂടി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റിക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**മെഡിക്കൽ വിജിലൻസ് രൂപീകരണം**

235(1837) <u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചിട്ടുണ്ടെങ്കിലും പലരും സ്വകാര്യ പ്രാക്ടീസ് നടത്തുന്നുണ്ടെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം പരാതികൾ നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും മെഡിക്കൽ വിജിലൻസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**മെഡിക്കൽ കോളേജുകളിലെ നിയമനങ്ങൾ**

236(1839) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ അനുവദിച്ച തസ്തികകളിലല്ലാതെ നടക്കുന്ന നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി അല്ലാതെ 2010 ജനവരി മുതൽ നാളിതുവരെ ഓരോ മെഡിക്കൽ കോളേജിലും എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സർക്കാരിന്റെ അംഗീകാരമുള്ള എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും എത്ര അർദ്ധ സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ആശുപത്രി വികസനസമിതികൾ വഴി ഓരോ മെഡിക്കൽ കോളേജിലും 2010 ജനവരി മുതൽ നടത്തിയ നിയമനങ്ങൾ എത്രയെന്നും ഈ നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന പരാതി പരിശോധിക്കുമോയെന്നും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(ഇ) മെഡിക്കൽ കോളേജ് (സൂപ്പർ സ്പെഷ്യാലിറ്റി) ആശുപത്രികളിലെ ക്ലീനിംഗ്, നഴ്സിംഗ് അസിസ്റ്റന്റ് ജോലികൾ ഏതെങ്കിലും ഏജൻസികൾ വഴിയാണോ നടത്തുന്നതെന്നും ഇപ്രകാരം സ്വകാര്യ ഏജൻസികൾ വഴി സേവനം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്നും സംസ്ഥാനത്ത് എത്ര മെഡിക്കൽ കോളേജുകളിൽ ഇത്തരത്തിൽ സ്വകാര്യ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവർക്ക് 2010 ജനവരി മുതൽ നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly